ചിരിയില്ലാത്ത ഒരു ദിവസമാണ്
ഏറ്റവും പാഴാക്കപ്പെട്ട ദിവസം
◆ ഇ.ഇ. കമ്മിങ്സ് ◆

## രാഷ്ട്രീയ മൂല്യങ്ങൾക്ക് എതിരായ നീക്കം

**ക്രി**മിനൽക്കേസുകളിൽ ശിക്ഷിക്കപ്പെടുന്ന ജനപ്രതിനിധികളെ അയോഗ്യരാക്കുന്ന സുപ്രീം കോടതിവിധി മറികടക്കാനുള്ള കേന്ദ്രസർക്കാറിന്റെ നീക്കം ജനാധിപത്യമൂല്യങ്ങൾക്ക് നിരക്കുന്നതല്ല. രണ്ടു വർഷത്തിൽ കൂടുതൽ തടവിന് ശിക്ഷിക്കപ്പെടുന്ന എം.പി.മാരെയും എം.എൽ.എ.മാരെയും ഉടൻ അയോഗ്യരാക്കാനുള്ള വിധി പരക്കെ സ്വാഗതം ചെയ്യപ്പെട്ടിരുന്നു. എന്നാൽ, ഇത് മറികടക്കുന്നതിന് ഓർഡിനൻസ് കൊണ്ടുവരാനാണ് കേന്ദ്രസർക്കാറിന്റെ തീരുമാനം. ഇതു സംബന്ധിച്ചുള്ള വിജ്ഞാപനത്തിന് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി. ഒരു കേസിൽ ശിക്ഷിക്കപ്പെട്ടാൽ അപ്പീലിൽ തീർപ്പാകുംവരെ ജനപ്രതിനിധികൾക്ക് അംഗത്വം നിലനിർത്തുന്നതിന് അവസരമൊരുക്കുന്ന ജനപ്രാതിനിധ്യ നിയമത്തിലെ വകുപ്പ് ഭരണഘടനാ വിരുദ്ധമെന്ന് വിലയിരുത്തിയാണ് കോടതി റദ്ദാക്കിയത്. എന്നാൽ, ഈ വിധിയുടെ അന്തസ്സത്ത ഉൾക്കൊള്ളുവാൻ കേന്ദ്രസർക്കാറിനും രാഷ്ട്രീയകക്ഷികൾക്കും കഴിയുന്നില്ല. വിധി പുനഃപരിശോധിക്കണമെന്ന സർക്കാറിന്റെ അപേക്ഷ കോടതി നിരസിച്ചതിനാൽ നിയമഭേദഗതിക്ക് പാർലമെന്റ് സമ്മേളനത്തിൽ ശ്രമം നടത്തിയിരുന്നു. അത് ഫലവത്താകാതിരുന്നതിനെത്തുടർന്നാണ് വിജ്ഞാപനം ഇറക്കുന്നത്.

വിചാരണക്കോടതിയുടെ ശിക്ഷയ്ക്കെതിരെ മൂന്ന് മാസത്തിനകം മേൽക്കോടതി അപ്പീൽ സ്വീകരിച്ചാൽ ജനപ്രതിനിധികൾ അയോഗ്യരാവില്ലെന്നാണ് പുതിയ വിജ്ഞാപനത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇക്കാലയളവിൽ ഇവർക്ക് ശമ്പളവും ആനുകൂല്യവും നൽകില്ലെന്നും സഭയിൽ വോട്ടവകാശം ഉണ്ടായിരിക്കില്ലെന്നും വ്യക്തമാക്കിയിട്ടുണ്ടെങ്കിലും വിജ്ഞാപനം ശിക്ഷിക്കപ്പെടുന്നവർക്ക് സഹായകമായിട്ടുള്ളതാണ്. സുപ്രീം കോടതി വിധി വന്ന സാഹചര്യത്തിൽ അടുത്തുതന്നെ അയോഗ്യരാകാനിടയുള്ള ചില നേതാക്കളുടെ സംരക്ഷണാർഥമാണ് പെട്ടെന്ന് ഓർഡിനൻസ് ഇറക്കുന്നതെന്ന ആരോപണവും അടിസ്ഥാനരഹിതമാണെന്ന് കരുതാനാവില്ല. രാഷ്ട്രീയത്തിൽ കുറ്റവാളികൾ കടന്നുകൂടുന്നത് തടയാൻ തിരഞ്ഞെടുപ്പു കമ്മീഷൻ ചില പരിഷ്കാരങ്ങൾ കൊണ്ടുവന്നെങ്കിലും വേണ്ടത്ര ഫലപ്രദമായില്ല. ഈ പ്രശ്നത്തിന്റെ പ്രാധാന്യമറിഞ്ഞുള്ളതായിരുന്നു സുപ്രീം കോടതിയുടെ വിധി. എം.പി.മാരും എം.എൽ.എ.മാരുമടങ്ങുന്ന 4835 ജനപ്രതിനിധികളിൽ 1448 പേർക്കെതിരെ ക്രിമിനൽ കേസുകളുണ്ട്. അവരിൽ വലിയൊരു വിഭാഗത്തിനെതിരെ ആരോപിക്കപ്പെട്ടിട്ടുള്ളത് കടുത്ത കുറ്റകൃത്യങ്ങളാണ്. ലോക്സഭാ എം.പി.മാരിൽ 162 പേർക്കെതിരെ കേസുണ്ട്. ബലാത്സംഗം, കൊലപാത

# തൊട്ടുണർത്താൻ ഒരു ചെറുവിരൽ

■ പി. വത്സല

**മാ**താ അമൃതാനന്ദമയിയെ ഓർക്കാനൊരവസരം. മലയാളി മനസ്സ് ആരെയും അത്രയെളുപ്പം പ്രതിഷ്ഠിക്കുകയില്ല. അതാണ് ചരിത്രം. വിജയദശമിനാളിൽ കടൽത്തീരങ്ങളിൽ നിവേദിക്കുന്ന പൂജാവിഗ്രഹങ്ങൾ നാം കാണുന്നുണ്ട്. അവയുടെ ജീവിതം അസ്ഥിരം.

എന്നാൽ, അമ്മയെപ്പോലൊരു ശ്രേഷ്ഠവനിത ഇവിടെ എന്തുകൊണ്ട് പിറന്നു, എങ്ങനെ പടർന്നുകയറി, എങ്ങനെ സ്വീകരിക്കപ്പെട്ടു എന്നതിൽ വിസ്മയിക്കാനില്ല. അത് കാലത്തിന്റെ നിയോഗമാണ്. കൊടുംവേനലിനെ അഴിച്ചുവിട്ട മാനം, മഴനിറച്ച കരിങ്കാറുകളെ കൊണ്ടുവരുമ്പോലെ. ഒരു രാത്രിക്കൊരു പുലരി. അതെപ്പോഴും നിയമം അനുസരിക്കുന്നില്ല. കേരളീയ സംസ്കൃതിക്ക് ഒരുപാട് ആസ്തിയും അത്രയോ അതിലേറെയോ ജീർണിച്ച കെട്ടുകളും ഉണ്ട്. ഈ മണ്ണിന്റെ അനുകൂല കാലാവസ്ഥയിൽ, ഉർവരതയിൽ എന്തും ഒരു സുപ്രഭാതത്തിൽ പൊട്ടിമുളയ്ക്കും, പടർന്ന് പന്തലിക്കും. അടുത്ത ഋതുവിൽ പച്ചപ്പെല്ലാം മുരടിക്കും. ഈ സുഖദമല്ലാത്ത ആവർത്തനത്തിനിടയ്ക്ക് ഒരു ശക്തമായ മുള, വാസരവാത്സല്യത്തെ മറികടന്ന് ഒരു വൃക്ഷമായി വളരും, നിവർന്നുനില്ക്കും, കഠിന വിപരീതങ്ങളെ ചെറുക്കും. അത് ആത്മശക്തി പ്രദാനം ചെയ്യുന്ന വരമാകുന്നു.

കേരള ചരിത്രം നോക്കുക. എന്തെന്ത് പുരോഗമന പ്രസ്ഥാനങ്ങൾ, ചെറുത്തുനിൽപ്പുകൾ, രക്തസാക്ഷിത്വം, സാംസ്കാരിക മുന്നേറ്റം, സമ്പത്ത്, രാഷ്ട്രീയം, സംസ്കാരം, കലകൾ, മനുഷ്യസമൂഹം, അധ്വാനശേഷി, ബുദ്ധിപാടവം, വൈകാരിക ജ്വലനം - എന്തിനും വളർച്ച. എന്നിട്ടെന്തേ നാം ഇങ്ങനെ? അത് ചോദിക്കാനാണ്, ഉത്തരം കണ്ടെത്താനാണ് കടൽത്തീരഗ്രാമത്തിൽ ജനിച്ചുവളർന്ന ഒരു പെൺജന്മം, അമൃതാനന്ദമയിയായി നമ്മുടെ മുൻപിൽ നിൽക്കുന്നത്.

സ്ത്രീത്വത്തെ അപമാനിക്കാനായി സ്വാഭാവിക മാതൃദായക്രമത്തെ ഉപേക്ഷിച്ച നാടാണിത്. കുട്ടിക്ക് അച്ഛൻ മാത്രം പോരാ, മാതൃസഹോദരനും വഴികാട്ടിയായി വാഴണം എന്നുചിന്തിച്ച സമൂഹം. എല്ലാ സാംസ്കാരിക വഴികളും ഇതിനകത്തേക്ക് ഒഴുകിവന്നു. സമൂഹം എല്ലാത്തിനെയും സ്വീകരിച്ചാദരിച്ചു. അപ്പടി നിരാകരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. സത്യത്തിൽ നമുക്കെന്താണ് വേണ്ടതെന്ന് നാം തന്നെ അറിയുന്നില്ല. ഈ തീരം ഒഴിച്ചുപോക്കിന്റേതാണ്. വരവ് താത്കാലിക ആർത്തികളുടേതും.

അദ്ഭുതകരമായി എനിക്ക് തോന്നിയത്, ജാതിയുടെ മേൽക്കീഴ് വ്യവസ്ഥ, ഇവിടത്തെ കുടുംബജീവിത മണ്ഡലത്തിൽ മാത്രം നിലനിൽക്കാൻ കൂട്ടാക്കാതെ വിപ്ലവപ്പാർട്ടികളുടെ രാഷ്ട്രീയ ശിഖരങ്ങളിൽ പോലും കയറിപ്പറ്റി കൊടിപറത്തുന്നതാണ്. അത്തരമൊരു ലോകത്തിന്റെ ദരിദ്രമേച്ചിൽപ്പുറത്താണ് അമൃതാനന്ദമയിയായി പരിണമിച്ച ഒരു പെൺകിടാവിന്റെ ജനനം. ഔപചാരിക വിദ്യാഭ്യാസം അതിന്റെ ഉന്നതിയിലേക്ക് പടികയറി വാഴും കാലത്ത്, അതിന്റെ കീഴ്പ്പടികൾപോലും കയറാൻ വിധിയില്ലാതെ കരഞ്ഞ ഒരു പെൺകുട്ടി, ശരീരത്തിന്റെ വിശപ്പിനേക്കാളും വലുത് ആത്മാവിന്റെ ദാഹമെന്ന് ചെറുപ്പത്തിലേ തിരിച്ചറിഞ്ഞവൾ, സഹവർത്തികൾക്കും കുടുംബാംഗങ്ങൾക്കും കണ്ണിലെ കരടായി ഭവിച്ചതിൽ അദ്ഭുതമില്ല.

നീ പെണ്ണാണ്, നീ ജാതിക്കോണിയിൽ താഴെപ്പടിയിലാണ് ജനിച്ചത്. നിനക്ക് സ്വന്തം ചിന്തയും ഭാഷണവും വേണ്ടെന്ന് പറയാതെ പറഞ്ഞ് ജാഗരൂകമായി നില്ക്കുന്ന ഒരു മനുഷ്യസമൂഹത്തെ, കഠിനതപസ്യയാക്കി ജീവിതം മാറ്റിയെടുത്ത ഒരു പെൺകിടാവിന്റെ അറിവും ഇച്ഛാശക്തിയും വെല്ലുവിളിച്ചു.

അവൾക്ക് ശബ്ദമുണ്ടായി. മുന്നിൽ അവതരിപ്പിക്കുന്ന അശരണരായ ആണിനെയും പെണ്ണിനെയും ആരാധകരാക്കിമാറ്റി. ഒരു ജാലവിദ്യയും അവർ കാണിച്ചില്ല. കരുണാമയമായ സംഗീതത്തിന്റെയും ധ്യാനത്തിന്റെയും വഴി മാത്രം. അത് മതിയായിരുന്നു. പൊങ്ങച്ചക്കാരുടെ മുഖംമൂടി ആൾക്കൂട്ടത്തിൽ പൊഴിഞ്ഞുവീണു. അവർ നിശ്ശബ്ദരായി, അമ്മയുടെ ഒരു വാക്കിനും നോക്കിനും വേണ്ടി, അണിയായി കാത്തുനിന്നു. രാപകൽ നീളുന്ന ക്യൂ.

ഒരു വ്യക്തിയുടെ മുഖദർശനത്തിനുവേണ്ടി, അവരുടെ വാക്കിനുവേണ്ടി അവർ അഹോരാത്രം പ്രാർഥനപ്പന്തലുകളിൽ ശാന്തരായൊതുങ്ങി. കൂട്ടത്തിൽനിന്ന് മതഭേദം മാഞ്ഞുപോയി, ലിംഗവ്യത്യാസം മാഞ്ഞു, മൊഴിവൈവിധ്യം നഷ്ടമായി. വാക്കിന്റെ ഇന്ദ്രജാലം. അന്തരീക്ഷവും ആത്മശക്തിയുമാണ് മൊഴിയെ സാർഥകമാക്കുന്നതെന്ന് ശരണാർഥികൾ അനുഭവിച്ചറിഞ്ഞു.



മധുര-ശാന്തിപ്രദ-വചനങ്ങൾകൊണ്ടും ഒരൊറ്റ ആലിംഗനം കൊണ്ടും അമ്മ ഒരു രോഗിയെ പരിചരിക്കുന്നു. സുഖപ്പെടലിന്റെ മാർഗത്തിലേക്ക് നയിക്കുന്നു

അമൃതാനന്ദമയി അമ്മയുടെ വാക്കും സാന്നിധ്യവും ഈ സമൂഹത്തിലെ കുടുംബസമരങ്ങളെ മൃദുലീകരിച്ചു. ആയിരക്കണക്കിന് സ്ത്രീകളെ മാനസിക രോഗമെന്ന ആഴക്കിണറിന്റെ വക്കിൽനിന്ന് പിടിച്ചുമാറ്റി. കാരണം, കേരളം എല്ലാംകൊണ്ടും കൂടുതൽക്കൂടുതൽ മാനസിക രോഗികളെ ഉത്പാദിപ്പിച്ചുപോരുന്ന ഒരു കാലഘട്ടത്തിലൂടെയാണ് കടന്നുപോയിക്കൊണ്ടിരിക്കുന്നത്. അവരുടെ ഒടുങ്ങാത്ത ആർത്തികൾതന്നെ രോഗലക്ഷണമാണ്. മധുര-ശാന്തിപ്രദ-വചനങ്ങൾകൊണ്ടും ഒരൊറ്റ ആലിംഗനംകൊണ്ടും അമ്മ ഒരു രോഗിയെ പരിചരിക്കുന്നു. സുഖപ്പെടലിന്റെ മാർഗത്തിലേക്ക് നയിക്കുന്നു.

കേരളം ഒരു വിരുദ്ധ അസ്തിത്വത്തിന്റെ നാടാണ്. നല്ലതിനെ വിളയിക്കുകയും എളുപ്പത്തിൽ കൂമ്പ് തിരുമ്മിക്കളയുകയും ചെയ്യുന്ന നാട്. മനുഷ്യോത്പാദനത്തിന്റെ എല്ലാ മണ്ഡലത്തിലും ഇതുകാണാം. ഓരോ പരിശ്രമിയുടെയും അന്തരംഗത്തിലെ ആത്മാവ് പൊടുന്നനെ കൂടുവിട്ടിറങ്ങിപ്പോകുന്നു. ചെറു കുടുംബങ്ങളെപ്പോലും ഈ അവസ്ഥ, രോഗാവസ്ഥ ബാധിക്കുന്നുണ്ട്. ആർഥികഭ്രമം, ഭോഗാർത്തികൾ, അസൂയ, ക്രൂരത, ബലപരീക്ഷണങ്ങൾ. ശരീരമാകുന്ന തകരുന്ന ഭവനത്തിനകത്ത് ആത്മാവ് ഞെരിഞ്ഞുപിടയുന്നു. ഭാഷയെ തിരസ്കരിക്കാൻ ബദ്ധശ്രദ്ധരായിരിക്കുന്ന നമ്മൾ, സ്വന്തം അമ്മയെ നിരാകരിക്കുന്നു. സ്വന്തം കുഞ്ഞുങ്ങളെ എളുപ്പം കൊത്തിയാട്ടുന്നു.

അത് പ്രകൃതിനിയമം എന്ന് വാദിച്ച് സ്വയം ആശ്വസിക്കാം. അമ്മ അറിവിന്റെ ഗ്രന്ഥങ്ങളിൽ പൊടിപിടിച്ചു കിടക്കുന്ന പദങ്ങളെ ഉണർത്തിയെടുക്കുന്നു. അവയെ നിങ്ങളുടെ മുൻപിൽ അവതരിപ്പിക്കുന്നു. അതിനുവേണ്ടി അവരുടെ ശ്വാസവും കണ്ണീരും വഴിപാടാക്കുന്നു. അത്രയേ ചെയ്യുന്നുള്ളൂ. എന്നിട്ടും ഉണരാൻ കൂട്ടാക്കാത്ത നമ്മുടെ മനസ്സിനെ മറ്റാർക്കും എങ്ങനെ രക്ഷിക്കാൻ കഴിയും?

'രാമായണം ചുട്ടുകരിക്കണം' എന്നാക്രോശിച്ച ഒരു കവി (കഥാകൃത്ത്) നമുക്കുണ്ടായിരുന്നു. എന്നിട്ടും രാമസങ്കല്പം മനുഷ്യർ സ്വാർഥവേളകളിൽ പുറത്തെടുക്കുന്നു. രാമായണം അതിർത്തികടന്നപ്പുറത്തും നിലനിൽക്കുന്നു. അത് ഉണർത്തിയ സാംസ്കാരിക ചിന്തകൾക്ക് ഇന്ത്യയ്ക്ക് പുറത്തും വേരുപിടിക്കുന്നു.

ബുദ്ധമതത്തെ പുലയാട്ടുനടത്തി അതിർത്തിവിട്ട് ഓടിച്ചവരാണ് കേരളീയർ. ആ മതം ജനിച്ച നാടിന്റെ അതിരുപേക്ഷിച്ച് പ്രവാസജീവിതം നയിക്കുന്നു. ഭാരതീയ മൂല്യചിന്ത ഗ്രന്ഥത്തിലടച്ചുപൂട്ടി അലമാരയിൽ സൂക്ഷിച്ച്, ആർത്തിമൂത്തൊരു പെരുമ്പാമ്പ് വിലക്കയറ്റത്തിന്റെയും സാംസ്കാരിക-ധന-മൂല്യത്തകർച്ചയുടെയും മുൻപിൽനിന്ന് വാപിളർക്കുമ്പോഴും നമ്മൾ നാടകംകണ്ട് സ്വയം മറന്ന് രസിച്ചു. ജീവിതം ധൂർത്തടിച്ച് കളയുന്നവർക്ക് അമ്മ ഒരു 'ആൾദൈവ'മായിരിക്കുന്നു. നന്നായി. തത്ത്വമസി പറയുന്നതും അതുതന്നെ. 'അതു നീ'. മനുഷ്യനിൽ ഐശ്വരാംശം ഏറിയിരിക്കുന്നത് ഒരു പുണ്യമാണെന്നു ചിന്തിക്കുന്നവരോട് അവരൊന്നും പറയുന്നില്ല. ഒരു പുതുവാക്കിനെ നാം നിർമിച്ചെടുത്തല്ലോ! അവരുടെ മാർഗം കാരുണ്യത്തിന്റേതും സ്നേഹത്തിന്റേതുമാണ്. നമ്മുടെ സ്ത്രീജനത്തിന് അതുവേണം. അവരാണ് ലോകം നിർമിക്കേണ്ടവർ, എന്നും.